**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3846

21.06.2018-ലെ മറുപടിയ്ക്ക്

**<u>സ്പോർട്സ് യൂണിവേഴ്സിറ്റി സെന്റർ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേന്ദ്ര സർക്കാർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് യൂണിവേഴ്സിറ്റിയുടെ ഒരു സെന്റർ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) & (ബി) | തിരുവനന്തപുരത്തോ മറ്റു ജില്ലകളിലോ കേന്ദ്ര കായിക സർവ്വകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ; | | |
| (സി) | നിലവിലുള്ള കായിക വിദ്യാഭ്യാസ പാഠ്യപദ്ധതി പുന:ക്രമീകരിക്കുന്നതിനും കായിക പഠന നിലവാരം ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നിലവിലുള്ള പാഠ്യപദ്ധതി ഫലപ്രാപ്തിയെ സംബന്ധിച്ച ഗവേഷണ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ കായിക വിദ്യാഭ്യാസ പാഠ്യപദ്ധതിയിലെ നിലവിലുള്ള പോരായ്മകൾ കണ്ടെത്തി അവ പരിഹരിച്ച് നൂതനമായ ഒരു പാഠ്യപദ്ധതി രൂപീകരിക്കുക എന്നതാണ് ഇത് കൊണ്ട് ലക്ഷ്യമാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**